(ഡി) സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 70 വാഹനങ്ങളും പോലീസ് വകുപ്പ് 82 വാഹനങ്ങളും കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

(ഇ) എക്സൈസ് വകുപ്പ് 181704.2 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുക്കുകയും 84 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പ് 1,47,879.430 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുക്കുകയും 133 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽ ശേഖരം സ്ഥാപിക്കാൻ നടപടി

*21 [81] ശ്രീ. കളത്തിൽ അബ്ദുള്ള :
,, പി. കെ. കെ. ബാവ :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണമേന്മ നിർണ്ണയം ചെയ്ത അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽ ശേഖരം സ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളത്;

(ബി) ഏതെല്ലാം ഇനം വിത്തുകളാണ് ഈ ശേഖരത്തിൽ ഉൾപ്പെടുന്നത്;

(സി) സംസ്ഥാനത്ത് എവിടെയെല്ലാം ഇവയുടെ വിതരണത്തിനായി കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്;

(ഡി) വിത്തുകൾ വിതരണത്തിനു സ്വീകരിച്ചിട്ടുള്ള നടപടിക്രമം എന്താണ് എന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഗുണമേന്മ നിർണ്ണയം ചെയ്ത അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽ ശേഖരത്തിനായി സ്റ്റേറ്റ് സീഡ് അതോറിറ്റി, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സീഡ് ഫാം, നാഷണൽ സീഡ്സ് കോർപ്പറേഷൻ എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാല മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ ഈ ശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ നെല്ലിനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കൃഷിഭവനുകൾ, സ്റ്റേറ്റ് സീഡ് അതോറിറ്റി, നാഷണൽ സീഡ്സ് കോർപ്പറേഷൻ തുടങ്ങിയവ വഴി ഗുണമേന്മയുള്ള വിത്ത് വിതരണം ചെയ്തു വരുന്നു.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗുണമേന്മയുള്ള അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽ ശേഖരത്തിനായി കേരള കാർഷിക സർവ്വകലാശാലയിൽ വികസിപ്പിച്ചെടുത്ത ബ്രീഡർ വിത്ത് സംഭരിച്ച് വിത്തു ഫാമുകളിൽ പ്രജനനം നടത്തി ഗുണനിലവാരമുള്ള അടിസ്ഥാന വിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നു. ഇവ രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് നൽകി കൃഷി അസിസ്റ്റന്റ് ഡയറക്ടർ/കൃഷി ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിൽ ഉൽപ്പാദിപ്പിച്ച് സീഡ് അതോറിറ്റി ശുപാർശ ചെയ്ത കൃഷിക്കാർക്ക് വിതരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്ത് കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കാൻ നടപടി

*22 [82] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കീടനാശിനികളുടെ അമിതമായ ഉപയോഗംമൂലം കാർഷികോല്പന്നങ്ങൾ വിഷമയമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കീടനാശിനികളുടെ അമിതമായ ഉപയോഗം ഹാനികരമാണെന്നത് പൊതുവെ ഏവർക്കും അറിവുള്ളതാണ്. ഇതു സംബന്ധിച്ച പ്രത്യേക കേസുകളൊന്നും കൃഷിവകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് ജൈവ കൃഷി സമ്പ്രദായം പ്രോൽസാഹിപ്പിച്ചുവരുന്നു. രാസകീടനാശിനികൾക്കു പകരം ജൈവ കീടനാശിനികൾ ഉപയോഗിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്നു. ജൈവരോഗനിയന്ത്രണത്തിനുതകുന്ന ബാക്ടീരിയകളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് മിതമായ വിലയ്ക്ക് നൽകിവരുന്നു. കൂടാതെ ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതു സംബന്ധിച്ച് ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നുണ്ട്.

## സംസ്ഥാനത്തെ പുഷ്പകൃഷി

*23 [83] ശ്രീ. ലൂഡി ലൂയിസ് :
,, വി. ബാലറാം :
,, കെ. പി. വിശ്വനാഥൻ :
,, ഡി. സുഗതൻ :
,, എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

# അനുബന്ധം III

[21-1-2004-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം 21 (*81)-ന്റെ ഉത്തരം ദയവായി കാണുക]

പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രത്തിൽ നിന്നും പുറത്തിറക്കിയ ഇനങ്ങൾ

1. കട്ടമോടൻ
2. അന്നപൂർണ്ണ
3. രോഹിണി
4. ത്രിവേണി
5. ജ്യോതി
6. മട്ടത്രിവേണി
7. കൈരളി
8. കാഞ്ചന
9. ഹർഷ
10. വർഷ
11. അശ്വതി
12. ശബരി
13. ഭാരതി
14. സുവർണ്ണമോടൻ
15. ജയതി
16. ആതിര
17. ഐശ്വര്യ
18. രശ്മി
19. നീരജ
20. നിള
21. കരുണ

മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം പുറത്തിറക്കിയ ഇനങ്ങൾ

1. കാർത്തിക
2. അരുണ
3. മകം
4. രമണിക
5. രേവതി
6. കൃഷ്ണാഞ്ചന
7. ഭദ്ര
8. ആശ
9. പവിഴം

2/403/2012—36.

LIBRARY ARCHIVES Kerala Legislative Assembly

10. രമ്യ
11. കനകം
12. രഞ്ജിനി
13. പവിത്ര
14. പഞ്ചമി
15. ഉമ
16. കരിഷ്മ

മറ്റിനങ്ങൾ

1. വൈറ്റില 1-5
2. ചിങ്ങം
3. ധനു
4. കുഞ്ഞുകുഞ്ഞു വർണ്ണ
5. കുഞ്ഞുകുഞ്ഞു പ്രിയ

## അനുബന്ധം IV

[21-1-2004-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 58 (341)-ന്റെ ഉത്തരം ദയവായി കാണുക]

**Revenue Contribution**

| (Rupees in crores) | 2001-02 | 2002-03 | 2003-04 Apr-Dec. |
|---|---|---|---|
| Sales Tax | 784.59 | 869.89 | 712.90 |
| Surcharge | 6.83 | 44.55 | 71.30 |
| Tot | 84.74 | 92.36 | 76.36 |
| To Sales Tax Department | 876.16 | 1006.80 | 860.56 |
| Excise Duty | 287.01 | 308.55 | 249.49 |
| Import Fee | 2.02 | 2.31 | 0.98 |
| Vending Fee | 10.02 | 4.09 | 0.00 |
| Licence Fee | 3.50 | 3.50 | 3.50 |
| Kist | 131.46 | 142.80 | 133.15 |
| To Excise Department | 434.01 | 461.25 | 387.12 |
| **Total Contn. to State Exchequer** | **1310.17** | **1468.05** | **1247.68** |

LIBRARY ARCHIVES Kerala Legislative Assembly